**അടിയന്തരപ്രമേയം**

<u>സോളാർ കമ്മീഷന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന നടപടി</u>

<u>മി. സ്പീക്കർ</u>: റൂൾ 50 അനുസരിച്ച് ഇന്ന് ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിന് ശ്രീ. മാത്യു റ്റി. തോമസ് അടക്കമുള്ള ആളുകൾ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ സഭാസമ്മേളനത്തിൽ മുമ്പൊരിക്കൽ പറഞ്ഞതുപോലെ ഈ വിഷയം ഒരു ജുഡീഷ്യൽ കമ്മീഷനെക്കുറിച്ചുള്ളതാണ്. ജുഡീഷ്യൽ കമ്മീഷനെക്കുറിച്ചുള്ള വിഷയം സഭയിൽ ചർച്ച ചെയ്യുന്നത് ശരിയല്ല എന്നുള്ളതാണ് ചെയറിന്റെ അഭിപ്രായം. സഭയുടെ കീഴ്‌വഴക്കമാണ് അത്. നിയമസഭാ ചട്ടങ്ങളിൽ പറയുന്നതും അതാണ്. ജുഡീഷ്യൽ കമ്മീഷനെ സംബന്ധിക്കുന്ന കാര്യം സഭയിൽ ചർച്ച ചെയ്യുന്നത് ശരിയല്ല. ജുഡീഷ്യൽ കമ്മീഷന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാനുള്ള അധികാരം ജുഡീഷ്യൽ കമ്മീഷനുതന്നെയുണ്ട്. ജുഡീഷ്യൽ കമ്മീഷനെ സംബന്ധിക്കുന്ന കാര്യം സഭയിൽ ചർച്ച ചെയ്യുന്നത് ശരിയല്ല. അതുകൊണ്ട് അടിയന്തരപ്രമേയത്തിന് അവതരണാനുമതി .......(ബഹളം).......

യെസ്...യെസ്.......

ശ്രീ. മാത്യു റ്റി തോമസ്: സർ, ജൂഡീഷ്യൽ കമ്മീഷന്റെ നടപടികളെ സംബന്ധിച്ചല്ല അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുള്ളത്. ഗവൺമെന്റ് തന്നെ നിയമിച്ച ഒരു കമ്മീഷനെ സംബന്ധിച്ച് ആ ഗവൺമെന്റിലെ ഒരു മന്ത്രി 'വായ് നോക്കികളുടെ മുമ്പിൽ മുഖ്യമന്ത്രി പോയി നിൽക്കുന്നു' എന്നു പറഞ്ഞ പരാമർശം നടത്തിയത് സംബന്ധിച്ച്, ആ കമ്മീഷനെ അപകീർത്തിപ്പെടുത്തിയതിനെ സംബന്ധിച്ചാണ് നോട്ടീസ് നൽകിയിട്ടുള്ളത്. ജൂഡീഷ്യൽ കമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ചല്ല, മന്ത്രി നടത്തിയ ഏറ്റവും വില കുറഞ്ഞ പരാമർശത്തെ സംബന്ധിച്ചാണ് അടിയന്തരപ്രമേയനോട്ടീസ്. അത് അനുവദിക്കാവുന്നതാണ്. അത് അനുവദിക്കേണ്ടതാണ്.

മി. സ്പീക്കർ: ചെയർ അതിന് മറുപടി പറയട്ടെ. ......(ബഹളം).......
ഞാൻ പറയാം. ബഹുമാനപ്പെട്ട അംഗങ്ങൾ......

ശ്രീ. എസ്. ശർമ്മ: ഇവിടെ പറയാനുള്ളത് കേട്ടതിനുശേഷം അങ്ങേയ്ക്ക് കൺക്ലൂഡ് ചെയ്യാം. അതിനാൽ ബഹുമാനപ്പെട്ട അംഗത്തെ സംസാരിക്കാൻ

അനുവദിക്കണം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട എസ്. ശർമ്മ, അങ്ങ് വളരെ പരിചയസമ്പന്നനായ ഒരംഗമാണ്. മുൻമന്ത്രിയാണ്. എല്ലാക്കാര്യവും അങ്ങേയ്ക്കറിയാം. പക്ഷേ ഒരു ജുഡീഷ്യൽ കമ്മീഷനെക്കുറിച്ച് നമ്മുടെ സഭയിൽ ചർച്ച ചെയ്യുന്നത് ശരിയല്ല. ..........(ബഹളം)........ ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ്....., ജുഡീഷ്യൽ കമ്മീഷനെക്കുറിച്ച് എന്തെങ്കിലും സംസാരിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാനുള്ള അധികാരം ജുഡീഷ്യൽ കമ്മീഷനുണ്ട്. ഇവിടെ ആ കാര്യം ചർച്ച ചെയ്യുന്നത് ശരിയല്ല. ഇന്ന് നൽകിയിരിക്കുന്ന അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു. .......

........(ബഹളം).......

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് സമീപം വന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങേയ്ക്ക് മറുപടി പിന്നീട്

പറയാം. സഭാനടപടികൾ അൽപ്പസമയത്തേയ്ക്ക് നിർത്തിവച്ചിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്ന് മുദ്രാവക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ 9.40-ന് ബഹുമാനപ്പെട്ട സ്പീക്കർ സഭാനടപടികൾ നിർത്തിവച്ചു.)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 9.39-ന് നിർത്തിവച്ച സഭ 10.32-ന് വീണ്ടും ചേർന്നു.)

മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... സഭ നടത്തിക്കൊണ്ടുപോകാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് നിർത്തിവച്ചത്. ഭരണകക്ഷിയുമായും പ്രതിപക്ഷവുമായും സംസാരിച്ചു. യോജിച്ച ഒരു തീരുമാനത്തിൽ എത്താൻ കഴിഞ്ഞില്ല. സഭ സാമാധാനപരമായി നടത്തിക്കൊണ്ടുപോകാൻ ഇരുഭാഗത്തുനിന്നും സഹകരിക്കണമെന്ന് ചെയർ വീണ്ടും അഭ്യർത്ഥിക്കുകയാണ്. അടിയന്തര പ്രമേയത്തിന്റെ സമയം കഴിഞ്ഞു. ഒരു ശ്രദ്ധക്ഷണിക്കലും അവതരിപ്പിച്ചു കഴിഞ്ഞു. ബാക്കി സഭാനടപടികൾ നടത്തിക്കൊണ്ടുപോകുകയെന്നത് മാത്രമാണ് ചെയറിന്റെ മുന്നിലുള്ള വിഷയം.

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തര പ്രമേയത്തിന്റെ നടപടി അങ്ങ് റദ്ദാക്കി. ഞങ്ങളുടെ പ്രതിഷേധത്തെ വകവയ്ക്കാതെ അടുത്ത നടപടിയിലേയ്ക്കും അങ്ങ് കടന്നു.

എന്നിട്ടും ഞങ്ങൾ ക്ഷമയോടുകൂടി കാത്തിരുന്നു. ഇതിനെപ്പറ്റി ഒരു പുനരാലോചന നടത്തുമെന്നായിരുന്നു ഞങ്ങൾ വിചാരിച്ചിരുന്നത്. അടിയന്തരപ്രമേയം റൂൾ 50 ആണെന്ന് അങ്ങേയ്ക്കറിയാം. അത് പ്രതിപക്ഷത്തിനുള്ളതാണ്. അങ്ങ് അത് നിഷേധിക്കുന്നതിന് ഒരു കാരണവുമില്ല. വിചാരണയുടെ പേരിൽ .........

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട സി. ദിവാകരൻ, അത് കഴിഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി പറയാവുന്നതാണ്. ........... (ബഹളം) .............

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ശ്രീ. പി. പി. തങ്കച്ചൻ..................... (ബഹളം) .............

<u>മി. സ്പീക്കർ:</u> ആ വിഷയം ഇനിയും സഭയിൽ ഉന്നയിക്കാൻ ശ്രമിക്കുന്നത് ശരിയല്ല.

<u>ശ്രീ. സി. ദിവാകരൻ:</u> (മൈക്ക് ഓഫ്) സർ, പ്രതിപക്ഷത്തിന് പറയാനുള്ളത് പിന്നെവിടെയാണ് പറയേണ്ടത്; ഇത് ജനാധിപത്യവിരുദ്ധമാണ്. ..... (ബഹളം).....

<u>മി. സ്പീക്കർ:</u> അത് സാധ്യമല്ല. ചെയർ വളരെ വ്യക്തമായി പറഞ്ഞു. അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുമതി നിഷേധിച്ചു. അതിനുശേഷം ശ്രദ്ധക്ഷണിക്കലിലേയ്ക്കും കടന്നു. .....(ബഹളം)..... ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക്

ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി പറയാവുന്നതാണ്.

<u>ശ്രീ. സി. ദിവാകരൻ:</u> (മൈക്ക് ഓഫ്) സർ, പ്രതിപക്ഷാംഗങ്ങൾക്ക് സംസാരിക്കാൻ അനുവാദം നൽകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭാ നടപടികൾ ബഹിഷ്കരിക്കുകയാണ്. .....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനടുത്തുനിന്ന് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും ചെയ്തു.)